**കേരള സർക്കാർ**

<u>സംഗ്രഹം</u>

പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 14.07.2017-ൽ മരണപ്പെട്ട ശ്രീമതി. ജെസ്സി എസ്-ന്റെ ഭർത്താവ് ശ്രീ.ജോസഫ്.വി.യ്ക്ക് എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ. (സാധാ) നം. 2288/2018/ധന. തിരുവനന്തപുരം, തീയതി : 21.03.2018

പരാമർശം:- (1) തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളറുടെ 07.02.2018-ലെ ഇ 1-11700/2017/ഡി.സി. നമ്പർ കത്ത്.

(2) 20.01.2016-ലെ സ.ഉ(പി)നം.9/2016/ധന നം. ഉത്തരവ്.

(3) PPO No.12104101.

<u>**ഉത്തരവ്**</u>

ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സ്കാവഞ്ചർ തസ്തികയിൽ നിന്നും 31.01.2006-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി. ജെസ്സി എസ് എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 14.07.2017-ൽ മരണപ്പെട്ടതിനാൽ പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് ശ്രീ.ജോസഫ്.വി പരാമർശം (1) പ്രകാരം തിരുവനന്തപുരം ഡ്രഗ്സ് കൺട്രോളർ മുഖാന്തിരം ആവശ്യമായ രേഖകൾ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 10-ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട ശ്രീമതി. ജെസ്സി.എസ്-ന്റെ സർവ്വീസ് കാലയളവ് 9 വർഷം ആകയാലും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭർത്താവ് ശ്രീ.ജോസഫ്.വി.യ്ക്ക് 2,295/- രൂപ 01.08.2017 മുതൽ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2,295/- രൂപയ്ക്ക് അർഹതപ്പെട്ട ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(........................2)

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ് .എസ് .എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ. ആന്റ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4. ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
5. ട്രഷറി ഓഫീസർ, പെൻഷൻ പേയ്മെന്റ് ട്രഷറി ഓഫീസ്, തിരുവനന്തപുരം.
6. ശ്രീ. ജോസഫ്. വി. കൃപാലയം, റ്റി.സി.37/1165, ആലുവിള, പാണാങ്കര, കൊട്ടുങ്ങാന്നൂർ.പി.ഒ.
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ.747242)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ